# ‘‘നിർമ്മൽ വിദ്യാഭ്യാസ സഹായ പദ്ധതി’’ ഉദ്ഘാടനം

റാന്നി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലയ്ക്കൽ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ‘‘നിർമ്മൽ വിദ്യാഭ്യാസ സഹായ പദ്ധതി’’യുടെ ഉദ്ഘാടനം മെയ് 22-ന് ഞായറാഴ്ച രാവിലെ 10 മണിക്ക് റാന്നി സെന്റ് തോമസ് അരമനയിൽ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത നിർവ്വഹിക്കും. ഭദ്രാസനത്തിന്റെ 5-ാം വാർഷികത്തോടനുബന്ധിച്ച്, 2010-ൽ ജനിച്ച കുട്ടികളുടെ 1-ാം ക്ലാസ്സ് മുതലുള്ള വിദ്യാഭ്യാസം ഏറ്റെടുത്തു നടത്തുന്നതിന് ആരംഭിച്ച പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 12 കുട്ടികൾക്കുള്ള പ്രഥമ സഹായ വിതരണവും സമ്മേളനത്തിൽ നടക്കും.